2023
NOVEMBER
15
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സഹാറ ഗ്രൂപ്പ് ചെയർമാൻ സുബ്രത റോയ് അന്തരിച്ചു



**മുംബൈ:** സഹാറ ഇന്ത്യ പരിവാർ സ്ഥാപകനും ചെയർമാനുമായ സുബ്രത റോയ് (75) അന്തരിച്ചു. ദീർഘനാളായി രോഗബാധിതനായിരുന്നു. ഞായറാഴ്ചയാണ് മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഹൃദയാഘാതമാണ് മരണകാരണം.

1948 ജൂൺ 10ന് ബിഹാറിൽ ജനിച്ച റോയ് 1976ൽ പ്രതിസന്ധിയിലായ സഹാറ ഫിനാൻസ് കമ്പനി ഏറ്റെടുത്തുകൊണ്ടാണ് ബിസിനസ് രംഗത്തേക്കു ചുവടുവച്ചത്. 1978ൽ കമ്പനിയുടെ പേര് സഹാറ ഇന്ത്യ പരിവാർ എന്നു മാറ്റി. സുബ്രതോ റോയിയുടെ നേതൃത്വത്തിൽ സഹാറ വിവിധ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. 1992ൽ രാഷ്ട്രീയ സഹാറ എന്ന പേരിൽ ഹിന്ദി ഭാഷാ ദിനപത്രം തുടങ്ങി. സഹാറ ടിവി ചാനൽ ആരംഭിച്ചു. പിന്നീട്, ലണ്ടനിലെ ഗ്രോസ്‌വെനർ ഹൗസ് ഹോട്ടൽ, ന്യൂയോർക്ക് സിറ്റിയിലെ പ്ലാസ ഹോട്ടൽ എന്നിവ ഏറ്റെടുത്തുകൊണ്ട് രാജ്യാന്തര ശ്രദ്ധ നേടി.

ഇന്ത്യൻ റെയിൽവേ കഴിഞ്ഞാൽ ഏറ്റവുമധികം ജീവനക്കാരുള്ള ഇന്ത്യയിലെ രണ്ടാമത്തെ വലിയ തൊഴിൽദാതാവെന്നു സഹാറയെ ടൈം മാഗസിൻ പ്രശംസിച്ചിരുന്നു.

സെബിയിൽ (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ്) റജിസ്റ്റർ ചെയ്യാത്ത കടപ്പത്രങ്ങളിലൂടെ ലക്ഷക്കണക്കിനു നിക്ഷേപകരെ വഞ്ചിച്ചെന്ന കേസിൽ 2010ൽ സെബി അന്വേഷണം ആരംഭിച്ചതോടെ കമ്പനി തിരിച്ചടി നേരിട്ടു. ഇത്തരത്തിൽ സമാഹരിച്ച 24,000 കോടി രൂപ നിക്ഷേപകർക്കു തിരികെ നൽകാൻ 2012ൽ സുപ്രീം കോടതി വിധിച്ചു. കോടതിയിൽ ഹാജരാകാതിരുന്നതിനെത്തുടർന്ന് 2014ൽ സുബ്രതോ റോയിയെ സുപ്രീം കോടതി തടവിലാക്കി. 2016ൽ പരോളിൽ പുറത്തിറങ്ങിയെങ്കിലും സഹാറ ഗ്രൂപ്പിനെ പുനരുജ്ജീവിപ്പിക്കുന്നതിൽ പരാജയപ്പെട്ടു.

## 364 മില്ല്യൻ ഡോളറിന്റെ കരാർ, പാക്കിസ്ഥാൻ യുക്രെയ്ന് ആയുധങ്ങൾ വിറ്റെന്ന് റിപ്പോർട്ട്

**ഇസ്‌ലാമാബാദ്:** റഷ്യക്കെതിരായ യുദ്ധത്തിൽ യുക്രെയ്ന് ആയുധങ്ങൾ നൽകാൻ രണ്ട് അമേരിക്കൻ കമ്പനികളുമായി പാക്കിസ്ഥാൻ കരാറിൽ ഏർപ്പെട്ടെന്ന് ബിബിസി ഉർദു റിപ്പോർട്ട് ചെയ്തു. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പാക്കിസ്ഥാൻ 364 മില്ല്യൺ ഡോളറാണ് കരാറിലൂടെ നേടിയത്.

ഗ്ലോബൽ മിലിട്ടറി, നോർത്രോപ് ഗ്രുമൻ എന്നീ രണ്ട് അമേരിക്കൻ കമ്പനികളുമായി 155 എംഎം ഷെല്ലുകളുടെ വിൽപ്പനയ്ക്കായാണു പാക്കിസ്ഥാൻ കരാറിലേർപ്പെട്ടത്.

2022 ഓഗസ്റ്റ് 17നാണു പാക്കിസ്ഥാൻ കരാറിൽ ഒപ്പിടുന്നത്. എന്നാൽ യുക്രെയ്നും അയൽരാജ്യമായ റൊമാനിയയ്ക്കും ആയുധങ്ങൾ നൽകിയെന്ന കാര്യം പാക്കിസ്ഥാൻ നിരന്തരം നിഷേധിച്ചിരുന്നു. യുക്രെയ്നിന് ആയുധങ്ങൾ നൽകിയിട്ടില്ലെന്നായിരുന്നു ഇസ്!ലമാബാദിലെ വിദേശകാര്യ ഓഫിസ് വ്യക്തമാക്കിയത്. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ പാക്കിസ്ഥാനു നിഷ്പക്ഷ സമീപനമാണെന്നും വിദേശകാര്യ ഓഫിസ് വ്യക്തമാക്കിയിരുന്നു.

പാക്കിസ്ഥാൻ ഡെമോക്രാറ്റിക് മൂവ്!മെന്റിന്റെ (പിഡിഎം) ഭരണകാലത്താണു കമ്പനികളുമായി പാക്കിസ്ഥാൻ കരാറിലേർപ്പെടുന്നത്. ജൂലൈയിൽ യുക്രെയ്ൻ വിദേശകാര്യ മന്ത്രി ദമൈത്രോ കുലേബ പാക്കിസ്ഥാൻ സന്ദർശിച്ചപ്പോഴും യുക്രെയ്ന് പാക്കിസ്ഥാൻ ആയുധങ്ങൾ നൽകിയെന്ന റിപ്പോർട്ട് നിഷേധിച്ചിരുന്നു.

അമേരിക്കൻ ഫെഡറൽ പ്രൊക്യുർമെന്റ് ഡേറ്റ സിസ്റ്റത്തിൽ നിന്നുള്ള കണക്കുകളെ ഉദ്ധരിച്ചാണ് ബിബിസിയുടെ റിപ്പോർട്ട്. 232 മില്ല്യൻ ഡോളറിന്റെ കരാർ ഗ്ലോബൽ മിലിട്ടറിയുമായും 131 മില്ല്യൻ ഡോളറിന്റെ കരാർ നോർത്രോപ് ഗ്രുമനുമായയാണു പാക്കിസ്ഥാൻ നടത്തിയത്. 2023 ഒക്ടോബറിലാണു കരാർ കാലാവധി അവസാനിച്ചതെന്നും ബിബിസി റിപ്പോർട്ടിൽ പറയുന്നു.

ബ്രിട്ടീഷ് മിലിട്ടറി കാർഗോ വിമാനത്തിലാണ് ആയുധങ്ങൾ വിതരണം ചെയ്തതെന്നും റിപ്പോർട്ടിലുണ്ട്. പാക്കിസ്ഥാനിലെ റാവൽപിണ്ടിയിലെ എയർ ബേസിൽ അഞ്ചുപ്രാവശ്യമാണു വിമാനമെത്തിയത്. 2022 ഓഗസ്റ്റിലാണു ആദ്യ വിമാനം റാവൽപിണ്ടിയിൽ എത്തിയത്.




## ഗാസ അൽഷിഫ ആശുപത്രിക്ക് അടിയിൽ ഭീകരരുടെ താവളം

ഗാസ: ഗാസ സിറ്റിയിലെ അൽ ഷിഫാ ആശുപത്രിക്ക് അടിയിൽ ഭീകരരുടെ താവളം പ്രവർത്തിക്കുന്നുണ്ടെന്ന് അമേരിക്ക.

ഇസ്രയേലിനെ ആക്രമിക്കാനായി ഹമാസ് ഭീകരർ ആയുധങ്ങൾ സംഭരിച്ചു വെച്ചിരിക്കുന്നത് ഇവിടെയാണെന്ന് അമേരിക്കൻ ദേശീയ സുരക്ഷാ വക്താവ് ജോൺ കിർബി പറഞ്ഞു.

ഗാസയിലെ ആശുപത്രികൾക്ക് അടിയിൽ ഭീകരരുടെ താവളങ്ങളാണെന്ന് ഇസ്രയേൽ നിരന്തരം പറയുന്നുണ്ടെങ്കിലും ഇതാദ്യമായാണ് അമേരിക്ക സ്വതന്ത്രമായി ഇക്കാര്യത്തിൽ അഭിപ്രായം പ്രകടനം നടത്തുന്നത്.

ആശുപത്രിയിൽ കുടുങ്ങിയിരിക്കുന്ന സാധാരണക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് ലോകത്തിൻറെ വിവിധഭാഗങ്ങളിൽ നിന്ന് മുറവിളി ഉയർന്നപ്പോഴായിരുന്നു ഇസ്രയേലിൻറെ ഭാഗത്തു നിന്ന് ഇത്തരമൊരു പ്രസ്താവന വന്നത്.

രൂക്ഷമായ പോരാട്ടത്തിൽ നിന്ന് അൽഷിഫ ആശുപത്രിയെ സംരക്ഷിക്കണമെന്ന് യുഎസ് പ്രസിഡൻറ് ജോ ബൈഡൻ വ്യക്തമാക്കിയിരുന്നു. ഇസ്രയേൽ രാജ്യാന്തര നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തക്കാൻ ബാധ്യസ്ഥരാണ് എന്നായിരുന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി റിഷി സുനക് പറഞ്ഞത്.ഗാസയിലെ ഏറ്റവും വലിയ ആശുപത്രിയായ അൽ ഷിഫ ആശുപത്രി ഏതാനും ദിവസമായി പോരാട്ടത്തിൻറെ വേദിയാണ്. ആയിരക്കണക്കിന് ആളുകളാണ് ഇവിടെ അഭയം തേടിയിരിക്കുന്നത്.



## 16 –ാം വയസിൽ കണ്ട സ്വപ്നത്തിന് 63 –ാം വയസിൽ സാക്ഷാൽക്കാരം

# ബോഡി ബിൽഡിംഗിലും വെയ്റ്റ് ലിഫ്റ്റിംഗിലും ലോകചാംപ്യൻപട്ടം നേടി ഡോ.പീറ്റർ ജോസഫ്



സൗത്ത് കൊറിയയിൽ നവംബർ ആറു മുതൽ 11 വരെ നടന്ന ലോക ബോഡിബിൽഡിംഗ് ചാംപ്യൻഷിപ്പിൽ മാസ്റ്റേഴ്സ് വിഭാഗം മിസ്റ്റർ വേൾഡ് ലോക ചാംപ്യൻ പട്ടം നേടിയ ഡോ.പീറ്റർ ജോസഫ്. 2019 ൽ അമേരിക്കയിൽ നടന്ന മാസ്റ്റേഴ്സ് വിഭാഗം ലോക വെയ്റ്റ് ലിഫ്റ്റിംഗ് ചാംപ്യൻഷിപ്പിലും പീറ്റർ ജോസഫ് ചാംപ്യൻ പട്ടം നേടിയിരുന്നു

**കൊച്ചി:** വെയ്റ്റ് ലിഫ്റ്റിംഗ് ചാംപ്യൻ പട്ടത്തിനു പിന്നാലെ മാസ്റ്റേഴ്സ് വിഭാഗത്തിൽ മിസ്റ്റർ വേൾഡ് ലോക ചാംപ്യൻ പട്ടം എന്ന സ്വപ്നവും എത്തിപ്പിടിച്ച് ഡോ.പീറ്റർ ജോസഫ്. ഇതോടെ മാസ്റ്റേഴ്സ് വിഭാഗത്തിൽ ബോഡി ബിൽഡിംഗിലും വെയ്റ്റ് ലിഫ്റ്റിംഗിലും ലോകചാംപ്യൻപട്ടം സ്വന്തമാക്കുന്ന ഏക വ്യക്തിയെന്ന പദവിയും ഡോ.പീറ്റർ ജോസഫിന് ഇനി സ്വന്തം.

പലപ്പോഴും കപ്പിനും ചുണ്ടിനുമിടയിൽ തനിക്ക് നഷ്ടപ്പെട്ടു പോയ ബോഡിബിൽഡിംഗിൽ മിസ്റ്റർ വേൾഡ് ലോക ചാംപ്യൻ പട്ടം ഈ മാസം (നവംബർ) ആറു മുതൽ 11 വരെ സൗത്ത് കൊറിയയിൽ നടന്ന ലോക ചാംപ്യൻഷിപ്പിലാണ് ഡോ.പീറ്റർ ജോസഫ് സ്വന്തമാക്കിയത്. നേരത്തെ രണ്ടു തവണ ലോക ചാംപ്യൻ പട്ടത്തിനായി മൽസരിച്ചിരുന്നുവെങ്കിലും മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ആ മൂന്നാം സ്ഥാനം ഇത്തവണ സുവർണ്ണ നേട്ടമായി പീറ്റർ ജോസഫ് മാറ്റുകയായിരുന്നു. 16 ാം വയസുമുതൽ നെഞ്ചിൽ താലോലിച്ച് തുടങ്ങിയ സ്വപ്നമാണ് കഠിന പ്രയത്നത്തിന്റെയും നിശ്ചയ ദാർഢ്യത്തിന്റെയും അകമ്പടിയോടെ എറണാകുളം കാലടി കൊറ്റമം ഞാളിയൻ ജോസഫിന്റെ മകനായ പീറ്റർ ജോസഫ് 63ാം വയസിൽ സ്വന്തമാക്കിയത്.



2012 ൽ ബാങ്കോക്കിലും 2017 ൽ ഗ്രീസിലും നടന്ന ലോക ബോഡി ബിൽഡിംഗ് ചാംപ്യൻഷിപ്പിൽ പീറ്റർ ജോസഫ് കീരീടമോഹവുമായി മാറ്റുരച്ചുവെങ്കിലും മൂന്നാം സ്ഥാനം കൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. ശരീരത്തിന് പ്രായം ഏറിയെങ്കിലും മനസും സ്വപ്നവും ചെറുപ്പമായിരുന്നതിനാൽ പിന്മാറാതെ കഠിനപ്രയത്നവുമായി പീറ്റർ ജോസഫ് തന്റെ ലക്ഷ്യത്തിലേക്ക് യാത്ര തുടർന്നുകൊണ്ടിരുന്നു. ആത്മാർത്ഥമായ പ്രയത്നം ഒരിക്കലും പാഴാവില്ലെന്ന് തെളിയിച്ചുകൊണ്ട് വെയ്റ്റ് ലിഫ്റ്റിംഗിൽ ലോകചാംപ്യൻ പട്ടം ജോസഫിനെ തേടിയെത്തി.2019 ൽ അമേരിക്കയിൽ നടന്ന മാസ്റ്റേഴ്സ് വിഭാഗം വെയ്റ്റ് ലിഫ്റ്റിൽ ഇന്ത്യയ്ക്കായി ഗോദയിലിറങ്ങിയ ജോസഫ് തിരികെ കയറിയത് സ്വർണമെഡലും കഴുത്തിലണിഞ്ഞായിരുന്നു. ഇതോടെ ഇരട്ട ലോകചാംപ്യൻപട്ടമെന്ന ലക്ഷ്യത്തിന്റെ ആദ്യ കടമ്പ പീറ്റർ ജോസഫ് കടന്നു. തുടർന്ന് ബോഡി ബിൽഡിംഗിലും ചാംപ്യൻപട്ടമെന്ന ലക്ഷ്യത്തിനായി കഠിന പരിശീനത്തിലായിരുന്നു പീറ്റർ ജോസഫ്.

കാഠ്മണ്ഡുവിൽ നടന്ന മിസ്റ്റർ ഏഷ്യാ ബോഡിബിൽഡിംഗ് ചാംപ്യൻഷിപ്പിൽ ഇന്ത്യയ്ക്കു വേണ്ടി സ്വർണ്ണമെഡൽ നേടിയതോടെ തന്റെ ലക്ഷ്യത്തിക്ക് പീറ്റർ ജോസഫ് കൂടതൽ അടുത്തു. മാസ്റ്റേഴ്സ് വിഭാഗത്തിൽ മിസ്റ്റർ ഏഷ്യ പട്ടം നേടുന്ന ആദ്യ ഇന്ത്യാക്കാരൻ എന്ന ബഹുമതിയും പീറ്റർ ജോസഫ് സ്വന്തമാക്കി. അപ്പോഴും മനസിൽ ബോഡിബിൽഡിംഗ് ലോക ചാംപ്യൻപട്ടമായിരുന്നു ലക്ഷ്യം. ഈ സ്വപ്നമാണ് സൗത്ത് കൊറിയയിൽ നടന്ന ചാംപ്യൻഷിപ്പിൽ ഇഞ്ചോടിഞ്ച് പോരാടി പീറ്റർ ജോസഫ് കൈപ്പിടിയിലാക്കിയത്. ചെറുപ്പം മുതലേ ശരീര സൗന്ദര്യം നിലനിർത്താൻ താൽപ്പര്യപ്പെട്ടിരുന്ന പീറ്റർ ജോസഫ് 16ാം വയസു മുതലാണ് ജിമ്മിൽ വർക്കൗട്ട് തുടങ്ങിയത്. കാലടി ശ്രീശങ്കര കോളജ്, ആലുവ യുസി കോളജ് എന്നിവടങ്ങളിലെ പഠനകാലത്ത് ബോഡിബിൽഡിംഗിലും വെയ്റ്റ് ലിഫ്റ്റിംഗിലും കേരള യൂണിവേഴ്സിറ്റി ചാംപ്യനായിരുന്നു. 21ാം വയസിൽ വെയ്റ്റ്ലിഫ്റ്റിൽ ദേശീയ ചാംപ്യൻ പട്ടവും കരസ്ഥമാക്കി. നാലു തവണ മിസ്റ്റർ ഇന്ത്യയായും രണ്ടു തവണ മിസ്റ്റർ ഇന്ത്യൻ റെയിൽവേ എന്ന നേട്ടവും സ്വന്തമാക്കി. പ്രായം ഏറിയെങ്കിലും ബോഡിബിൽഗിനോടും വെയ്റ്റ് ലിഫ്റ്റിനോടുമുള്ള ആവേശക്കനൽ മനസിൽ കെടാതെ സൂക്ഷിച്ച് ചിട്ടയായ വ്യായാമവും അർപ്പണ മനോഭാവവും പ്രാണവായുപോലെ കൊണ്ടു നടന്ന പീറ്റർ ജോസഫ്.2021 ൽ ഓസ്ട്രേലിയയിൽ നടന്ന മാസ്റ്റേഴ്സ് കോമൺവെൽത്ത് ഗെയിംസിലും വെയ്റ്റ് ലിഫ്റ്റിൽ ഇന്ത്യയ്ക്കായി സ്വർണ മെഡൽ നേടി. കൊവിഡിനെത്തുടർന്ന് ലോകം മുഴുവൻ ലോക് ഡൗണിലായ സമയത്ത് മാത്രമാണ് പീറ്റർ ജോസഫിന്റ ജിമ്മിൽ വർക്കൗട്ട് മുടങ്ങിയത്. തുടർന്ന് നിയന്ത്രണങ്ങൾ നീങ്ങിയതോടെ വർധിത വീര്യത്തോടെ നടത്തിയ പരീശീലനത്തിന്റെ പ്രതിഫലമായിരുന്നു പീറ്റർ ജോസഫ് നേടിയ ലോക ചാംപ്യൻപട്ടങ്ങളും മെഡൽതിളക്കങ്ങളും. റെയിൽവേ ഉദ്യോഗസ്ഥനായിരുന്ന പീറ്റർ ജോസഫ് 2017 ൽ വിആർഎസ് എടുത്ത് മുഴുവൻ സമയവും തന്റെ ലക്ഷ്യത്തിനായി നീക്കി വെയ്ക്കുകയായിരുന്നു. ഇതിനിടയിൽ കായിക പരിശീലന രംഗത്തെ തന്റെ അറിവുകൾ ഉപയോഗപ്പെടുത്തി മാജിക് ജിം എന്ന ഉപകരണവും പീറ്റർ ജോസഫ് സ്വന്തമായി വികസിപ്പിച്ചു.

സ്ത്രീകൾക്കും മധ്യവയസ്കർക്കും കായിക പരിശീലനത്തിന് ഏറെ പ്രയോജനം ചെയ്യുന്നതാണ് ഈ ഉപകരണമെന്നും പീറ്റർ ജോസഫ് പറയുന്നു. ഡെർമറ്റോളജിസ്റ്റായ ഡോ.താജുദ്ദീന്റെ പ്രചോദനും പിന്തുണയും ഒപ്പം തന്റെ കഠിനമായ പരിശീലവും പരിശ്രമവുമാണ് നേട്ടത്തിനു പിന്നിലെന്ന് പീറ്റർ ജോസഫ് പറഞ്ഞു. തൽക്കാലം മൽസരങ്ങളിൽ നിന്നും പിൻവാങ്ങുകയാണ്. കായിക രംഗത്ത് താൻ ആർജ്ജിച്ച അറിവുകൾ പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പകർന്നു നൽകുകയെന്നതാണ് ഇനി തന്റെ ലക്ഷ്യം അതിനുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുക. ഇപ്പോൾ തന്നെ നവമാധ്യമങ്ങൾ വഴി ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ഇത് ഇനി കൂടുതൽ ശക്തമാക്കുമെന്നും പീറ്റർ ജോസഫ് പറഞ്ഞു.മേരിയാണ് പീറ്റർ ജോസഫിന്റെ മാതാവ്. നൈപുണ്യ സ്കൂളിലെ അധ്യാപികയായ ബിസയാണ് ഭാര്യ. മക്കൾ: മരിയ(ന്യൂസിലന്റ്), എൽസ വിദ്യാർഥിനി,ന്യൂസിലന്റ്), ലിയാൻ(വിദ്യാർഥി,ജർമ്മനി)

# കുട്ടികളിൽ മാലിന്യ സംസ്കരണ അവബോധം വളർത്താൻ ഹരിത സഭകൾ സംഘടിപ്പിച്ചു

**കൊച്ചി:** ശിശുദിനത്തിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിത സഭകൾ സംഘടിപ്പിച്ചു. മാലിന്യ സംസ്കരണ രംഗത്ത് കുട്ടികളുടെ പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്നതിനാണ് ശിശു ദിനത്തിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിത സഭ സംഘടിപ്പിച്ചത്.

തദ്ദേശ സ്ഥാപന തലങ്ങളിലെയും സ്കൂളിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ചോദ്യങ്ങൾ ചോദിക്കുവാനും കുട്ടികൾക്ക് അവസരം ഒരുക്കിയാണ് ഹരിത സഭ സംഘടിപ്പിച്ചത്. പുതുതലമുറകളിൽ മാലിന്യ നിർമാർജ്ജനത്തെ കുറിച്ച് അവബോധം കൊണ്ട് വരാനും , മാലിന്യ മുക്ത നവകേരളത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യുവാനും തദ്ദേശ സ്ഥാപന തലത്തിലുള്ള ഒരു വേദിയാണ് കുട്ടികളുടെ ഹരിതസഭ. ഒരു ഹരിത സഭയിൽ ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെയും എല്ലാ വിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 200 കുട്ടികൾ പങ്കെടുത്തു. ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ( സർക്കാർ, സ്വകാര്യം, എയ്ഡഡ് ) വിദ്യാർഥികളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. സഭയിൽ വിദ്യാർത്ഥികൾ സ്വന്തം സ്കൂളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തി.

വിദ്യാലയങ്ങൾ മാലിന്യ സംസ്കരിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ സഭയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിച്ചു. കൂടാതെ മാലിന്യ സംസ്കരണ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളും സംവിധാനങ്ങളും സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിച്ചു. ജനപ്രതിനിധികളോട് ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള അവസരവും ഹരിത സഭയിൽ ഒരുക്കിയിരുന്നു.

എല്ലാ മൂന്നു മാസം കൂടുമ്പോഴും ഹരിതസഭകൾ സംഘടിപ്പിക്കും. മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ജില്ലാ സെക്രെട്ടറിയേറ്റിന്റെ നേതൃത്വത്തിലാണ് ജില്ലയിൽ എല്ലായിടത്തും ഹരിതസഭകൾ സംഘടിപ്പിക്കുന്നത്.



# വേമ്പനാട്ട് കായലിൽ മത്സ്യസന്പത്ത് ഇടിയുന്നു; കാണാതായത് 38 ഇനം മീനുകൾ

**കോട്ടയം:** കാലാവസ്ഥാവ്യതിയാനവും മലിനീകരണവും വേമ്പനാട് കായലിലെ മത്സ്യസമ്പത്തിൽ വലിയ ഇടിവുണ്ടാക്കുന്നു. 1980 നുശേഷം 38 ഇനം മത്സ്യങ്ങൾ ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഈ കായലിൽനിന്ന് അപ്രത്യക്ഷമായതായി കേരള മത്സ്യ സമുദ്രപഠന സർവകലാശാല വ്യക്തമാക്കി. 155 ഇനം തദ്ദേശിയ മത്സ്യങ്ങൾ മുൻപ ഉണ്ടായിരുന്നു.

കാലാവസ്ഥാ വ്യതിയാനം, രാസവളം, കീടനാശിനി, തീരശോഷണം, ലവണാംശം, മലിനീകരണം തുടങ്ങിയ കാരണങ്ങളാൽ തനതു ഇനങ്ങൾ ഇല്ലാതാകുന്നു. പായൽ നിറഞ്ഞതും എക്കലിൽ ആഴം കുറഞ്ഞതും തണ്ണീർമുക്കം ബണ്ട് വന്നതും മത്സ്യസഞ്ചാരം പരിമിതമാക്കി. തീരശോഷണം മത്സ്യപ്രജനനം പ്രതികൂലമാക്കി. പ്രളയങ്ങളിൽ കെട്ടുകളിലും മറ്റും വളർത്തുന്ന വിദേശ മത്സ്യങ്ങൾ കടന്നുകയറിയതും തനത് മത്സ്യങ്ങൾക്ക് ഭീഷണിയായി. ഓരോ പതിറ്റാണ്ടിലും പത്തോളം ഇനം മീനുകൾ അപ്രത്യക്ഷമാകുന്നതായാണ് നിരീക്ഷണം. ചില യിനം കടൽമത്സ്യങ്ങൾ കായലിലേക്കും മീനച്ചിലാറ്റിലേക്കും കടന്നുവരുന്നതായും കണ്ടെത്തി.

അതേ സമയം വരാൽ, പരൽ, കരിമീൻ, തൂളി, കാരി, കൂരി തുടങ്ങിയ പുഴ മത്സ്യങ്ങൾ കായൽത്തീരങ്ങളിൽ ഏറെയുണ്ട്. കരിമീൻ, വരാൽ, പരൽ, കൂരി തുടങ്ങി 13 ഇനങ്ങളാണ് ഏറ്റവുമധികമുള്ളത്. വാണിജ്യമൂല്യമുള്ള മത്സ്യങ്ങളിൽ അധികം കരിമീനാണ്. ഇത് മാത്രം 6.5 ശതമാനം വരും. 5.6 ശതമാനമുള്ള വരാലാണ് രണ്ടാം സ്ഥാനത്ത്. നാടൻ മുഷി, കോല, വഴക്കൂരി, ആറ്റുവാള, ആരകൻ, പന ആരകൻ, വാഹവരാൽ തുടങ്ങിയവയാണ് പ്രധാനമായി വംശനാശ ഭീഷണി നേരിടുന്നത്.

വലിഞ്ഞിൽ, കൂരൽ, ആറ്റുകൊഞ്ച്, കാലൻ ചെമ്മീൻ, പൂമീൻ, കണമ്പ്, തിരുത, തുടങ്ങിയവയും കുറഞ്ഞു. നാലു പതിറ്റാണ്ടു മുൻപ് പതിനാറായിരം ടൺ മത്സ്യം ലഭിച്ചിരുന്നത് നിലവിൽ എണ്ണായിരം ടണ്ണായതായി കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിൻറെ പഠനം വ്യക്തമാക്കുന്നു. പ്ലാസ്റ്റിക് മാലിന്യത്തിനു പുറമെ എക്കലും ചെളിയും അടിഞ്ഞ് ആഴം കുറഞ്ഞ് മണൽ തട്ട് ഇല്ലാതായതും മത്സ്യ പ്രജനനത്തെ പ്രതികൂലമാക്കുന്നു.

തണ്ണീർമുക്കം ബണ്ടിൻറെ വരവിന് മുമ്പ് 429 ടൺ ആറ്റു കൊഞ്ച് ലഭിച്ചിരുന്നത് നിലവിൽ പത്തു ടണ്ണിലേക്ക് കുറഞ്ഞു. നാടൻ മുഷികുഞ്ഞിങ്ങളെയും വംശനാശം നേരിടുന്ന മഞ്ഞക്കൂരിയെയും ഫിഷറീസ് വകുപ്പ് കൃത്രിമമായി ഉത്പാദിപ്പിച്ച് നിക്ഷേപിക്കുന്നുണ്ട്.

കായൽ മലിനപ്പെട്ടതോടെ കാര ചെമ്മീൻ, നാരൻ ചെമ്മീൻ, ഞണ്ട് തുടങ്ങിയവയുടെ ലഭ്യത കുറഞ്ഞു. മണലും മറ്റ് മാലിന്യങ്ങളും അടിഞ്ഞതോടെ കക്ക ശേഖരം മൂടിപ്പോയി. കക്കായിറച്ചി 75,000 ടൺ എന്നത് 25,000 ആയി.

ഇന്ത്യയിലെ ഏറ്റവും നീളം കൂടിയതും കേരളത്തിലെ ഏറ്റവും വലുതുമായ തടാകം ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ വിസ്തൃതമാണ്.

# അഗ്നിപഥ് ആർമി റിക്രൂട്ട്മെന്റ് റാലി വ്യാഴാഴ്ച്ച മുതൽ മഹാരാജാസ് ഗ്രൗണ്ടിൽ

**കൊച്ചി:** അഗ്നിപഥ് പദ്ധതിയുടെ ഭാഗമായുള്ള ആർമി റിക്രൂട്ട്മെന്റ് റാലിക്ക് വ്യാഴാഴ്ച (നവംബർ 16) തുടക്കമാകും. നവംബർ 25 വരെ എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലാണ് റാലി സംഘടിപ്പിച്ചിരിക്കുന്നത്. റാലിയുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്.

എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ഏഴ് ജില്ലകളിലെ ഉദ്യോഗാർഥികളാണ് റാലിയിൽ പങ്കെടുക്കുക. പ്രാഥമിക എഴുത്തു പരീക്ഷയിൽ വിജയിച്ച ആറായിരം പേർ റാലിക്കെത്തുമെന്നാണ് പ്രതീക്ഷ. പുലർച്ചെ 3 ന് റാലിയുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കും. രജിസ്ട്രേഷനു ശേഷം രാവിലെ ആറു മുതൽ 9.30 വരെയായിരിക്കും ശാരീരിക പരിശോധന നടക്കുക. വിവിധ ഗ്രൂപ്പുകളായി തിരിച്ചായിരിക്കും ടെസ്റ്റുകൾ നടത്തുന്നത്.

ശാരീരിക പരിശോധനയ്ക്ക് ശേഷം ശാരീരിക അളവ് പരിശോധനയും തുടർന്ന് രേഖകളുടെ പരിശോധനയും നടക്കും. വിദ്യാഭ്യാസ യോഗ്യതയും കായികക്ഷമതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ കർശന പരിശോധനയ്ക്ക് വിധേയമാക്കും. ഇതിനു ശേഷം തിരഞ്ഞെടുക്കപ്പെടുന്നവർക്കായി സമ്പൂർണ്ണ വൈദ്യ പരിശോധന നടത്തും.

## വന്യമൃഗങ്ങളുടെ ശല്യംമൂലം കൃഷി നാശം; ഫെൻസിംഗ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചു

**കൊച്ചി:** രാഷ്ട്രീയ ക്രിഷി വികാസ് യോജന (ആർ.കെ.വി.വൈ ) പദ്ധതി പ്രകാരം 2 കോടി 20 ലക്ഷം രൂപ അനുവദിച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അറിയിച്ചു. വന്യമൃഗങ്ങളുടെ ശല്യം കാരണം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വ്യാപകകമായി കൃഷിക്ക് നാശ നഷ്ടമുണ്ടാകുന്ന സാഹചര്യത്തിലാണ് തുക അനുവദിച്ചത്. പദ്ധതിയിൽ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ്, സോളാർ ഇലക്ട്രിക് ഫെൻസിംഗ് എന്നിവ സ്ഥാപിക്കും.

അങ്കമാലി മണ്ഡലത്തിലെ അയ്യമ്പുഴ, കറുകുറ്റി, മലയാറ്റൂർ കോതമംഗലാത്തെ കവളങ്ങാട്, പിണ്ടിമന, കോട്ടപ്പടി പെരുമ്പാവൂരിലെ വേങ്ങൂർ, കൂവപ്പടി പഞ്ചായത്തുകളിലെ വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ സ്ഥലങ്ങളിലാണ് മുൻഗണനാടിസ്ഥാനത്തിൽ ഫെൻസിങ്ങുകൾ സ്ഥാപിക്കുക. മണ്ഡലം തലത്തിൽ സ്ഥലത്തിന്റെ മുൻഗണന കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനായി അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തിയതായും പ്രസിഡന്റ് പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ കൺവീനറുമായ ജില്ലാതല ഭരണനിർവ്വഹണ സമിതിക്കാണ് മുഖ്യ ചുമതല. ജില്ലാ ഫോറസ്റ്റ് ഓഫിസർ, എക്സികുട്ടീവ് എഞ്ചിനിയർ അഗ്രികൾച്ചറൽ, കളക്ടറുടെ പ്രതിനിതി എന്നിവർ കൂടി അടങ്ങുന്ന സമിതിക്കാണ് മേൽനോട്ട ചുമതല.

പദ്ധതിയുമായി ബന്ധപ്പെട്ട് സംബന്ധിച്ച് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ എംഎൽഎ മാരായ റോജി എം. ജോൺ , എൽദോസ് കുന്നപ്പിള്ളി, ആന്റണി ജോൺ, ജില്ലാ കളക്ടർ എൻ എസ്കെ ഉമേഷ് , പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫിസർ ബിൻസി, ഡെപ്യൂട്ടി ഡയറക്ടർ സഞ്ചു സൂസൻ മാത്യു, മലയാറ്റൂർ, കോതമംഗലം, മൂന്നാർ ഡി എഫ് ഒമാർ , റേഞ്ച് ഓഫീസർമാർ മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

# വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കൾക്ക് 2023 2024 വർഷത്തെ ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 2023 മെയ് 31 നു രണ്ടു വർഷം പൂർത്തീകരിച്ച് കുടിശ്ശിക കൂടാതെ വിഹിതം അടച്ചു വരുന്ന തൊഴിലാളികളുടെ മക്കൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. കേരളത്തിലെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ സർക്കാർ അംഗീകൃത ഫുൾടൈം കോഴ്സുകളിൽ ഡിഗ്രി, പി.ജി, പ്രൊഫഷണൽ കോഴ്സുകൾ, പോളിടെക്നിക്ക്, എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രികൾച്ചർ, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്.

അപേക്ഷാ ഫോം 10 രൂപ നിരക്കിൽ പറവൂർ ഓഫീസിൽ നിന്നും നവംബർ 15 മുതൽ ലഭിയ്ക്കും. വിദ്യാഭ്യാസ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷാ ഫോം ഡിസംബർ 31 വരെ സ്വീകരിക്കുന്നതാണെന്ന് റീജിയണൽ ഓഫീസർ അറിയിച്ചു.

## വായ്പ പദ്ധതികളിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

വ്യക്തിഗത വായ്പ 4,00,000വരെ ഉദ്യോഗസ്ഥ ജാമ്യത്തിൽ മാത്രം ,സ്വയം തൊഴിൽ 50,000 മുതൽ 25,00,000വരെ, വിദ്യാഭ്യാസം, സ്വയംതൊഴിലിനുള്ള വാഹന വായ്പ 10,00,000വരെ പെൺകുട്ടികളുടെ വിവാഹം 350,000 വരെ തുടങ്ങിയ വായ്പാ പദ്ധതികളിലേയ്ക്ക് ജാമ്യ വ്യവസ്ഥയിലും, അംഗീകൃത കുടുംബശ്രീ യൂണിറ്റുകൾക്ക് 5,00,000/വരെ ജാമ്യ രഹിത വ്യവസ്ഥയിലും എറണാകുളം ജില്ലയിലെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നാണ് അപേക്ഷ ക്ഷണിച്ചത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2302663, 9400068507

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവ.ഐ.ടി.ഐ. ക്യാംപസിൽ പ്രവർത്തിച്ചു വരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ.അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (ഗവ.എ.വി.ടി.എസ്) എന്ന സ്ഥാപനത്തിൽ ടൂൾ ആന്റ് ഡൈ മേക്കിംഗ് സെക്ഷനിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഓപ്പൺ വിഭാഗത്തിൽ താത്കാലിക ഒഴിവുണ്ട്. മണിക്കൂറിന് 240 രൂപാ നിരക്കിൽ പരമാവധി 24,000 രൂപ പ്രതിമാസ വേതനം ലഭിക്കും. യോഗ്യത മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും പ്രസ്തുത മേഖലയിൽ ഒരു വർഷം പ്രവൃത്തി പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും പ്രസ്തുത മേഖലയിൽ രണ്ടു വർഷം പ്രവൃത്തിപരിചയവും അല്ലെങ്കിൽ ടൂൾ ആന്റ് ഡൈ മേക്കിംഗിൽ എൻടിസി/എൻഎസിയും പ്രസ്തുത മേഖലയിൽ മൂന്ന് വർഷം പ്രവർത്തന പരിചയവും ആണ് യോഗ്യത. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ 18/11/2023 രാവിലെ 10.30 ന് എ.വി.ടി.എസ്. പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. ഫോൺ നമ്പർ 8089789828, 04842557275.

## അറിയിപ്പ്

**കൊച്ചി:** എറണാകുളം സൗത്ത് മേഖല കോൺട്രാക്ട് കാരിയേജ് അസോസിയേഷൻ എന്ന സംഘടനയുടെ പേരിൽ റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാൻഡ് മുതലായ സ്ഥലങ്ങളിൽ ശബരിമല തീർത്ഥാടകരെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ ആർ.ടി.ഒ പ്രീ പെയ്ഡ് കൗണ്ടറുകൾ ശബരിമല പിൽഗ്രിമേജ് 2023 24 എന്ന തലക്കെട്ടോടുകൂടിയ കോൺട്രാക്ട് കാരിയേജ് ഫെയർ കാണിക്കുന്ന സ്റ്റിക്കർ പതിപ്പിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി മോട്ടോർ വാഹന വകുപ്പിന് യാതൊരുവിധ ബന്ധവുമില്ലെന്നും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫെയർ അംഗീകൃതമല്ലെന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

## അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ സോഷ്യൽ സയൻസ് (കാറ്റഗറി നമ്പർ 203/21), ഡ്രോയിംഗ് ടീച്ചർ ഹൈസ്കൂൾ (കാറ്റഗറി നമ്പർ 524/19), ബ്രാഞ്ച് മാനേജർ (ഡി.സി. ബി) ഐ എൻസിഎ ബിസി (കാറ്റഗറി നമ്പർ 341/21) എന്നീ തസ്തികകളുടെ അഭിമുഖം നവംബർ 15,16,17,15 തീയതികളിൽ കേരള പബ്ലിക് സർവീസ് കമ്മിഷൻ റീജിയണൽ ഓഫീസ് എറണാകുളം, കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസ് എറണാകുളം, എന്നിവിടങ്ങളിൽ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം .



# കുടുംബകോടതിക്ക് ആധുനിക മന്ദിരം യാഥാർഥ്യമാകുന്നു

**തൊടുപുഴ:** മുട്ടം ജില്ലാ കോടതിക്കു സമീപം കുടുംബ കോടതിയുടെ പുതിയ കെട്ടിടത്തിൻറെ നിർമാണം പൂർത്തിയാകുന്നു. അടുത്ത മാസത്തോടെ കുടുംബ കോടതി നിലവിൽ പ്രവർത്തിക്കുന്ന തൊടുപുഴ സിവിൽ സ്റ്റേഷനിൽനിന്നു മുട്ടത്തേക്കു മാറ്റാനാണ് ലക്ഷ്യമിടുന്നത്. എല്ലാവിധ സൗകര്യങ്ങളോടും കൂടിയാണ് പുതിയ മന്ദിരം നിർമിക്കുന്നത്. പ്രധാന നിർമാണ പ്രവർത്തനങ്ങളെല്ലാം ഈ ആഴ്ച അവസാനത്തോടെ പൂർത്തിയാകുന്ന രീതിയിലാണ് ജോലികൾ പുരോഗമിക്കുന്നത്. കെട്ടിടത്തോടനുബന്ധിച്ചുള്ള അവസാനഘട്ട ജോലികളും ഉടൻ ആരംഭിക്കും.

പുതിയ കെട്ടിട നിർമാണത്തിനായി 2018 ജൂലൈ 31നാണ് 6.50 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാരിൽനിന്ന് ലഭിച്ചത്. 2020 ഒക്ടോബർ 18നു സാങ്കേതികാനുമതിയും ലഭിച്ചു. 2739 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടസമുച്ചയം മൂന്നു നിലകളിലായാണ് രൂപകല്പന ചെയ്തിട്ടുള്ളത്. 2021 സെപ്റ്റംബറിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് സുനിൽ തോമസാണ് നിർമാണോദ്ഘാടനം നിർവഹിച്ചത്. പൊതുമരാമത്ത് വകുപ്പാണ് നിർമാണം നടത്തുന്നത്. 2005 ജനുവരി 28നാണ് തൊടുപുഴ സിവിൽ സ്റ്റേഷനിൽ കുടുംബ കോടതി പ്രവർത്തനമാരംഭിച്ചത്. ഇവിടെ പരിമിതമായ സൗകര്യത്തിലാണ് നിലവിൽ കുടുംബ കോടതി പ്രവർത്തിക്കുന്നത്. കോടതിയിൽ എത്തുന്നവർ കോടതിക്കു മുന്നിലുള്ള വരാന്തയിലാണ് കൂട്ടംകൂടി നിൽക്കുന്നത്. സബ് ട്രഷറിയും മറ്റ് ഓഫീസുകളും ഇവിടെ പ്രവർത്തിക്കുന്നതിനാൽ പലപ്പോഴും വലിയ തിരക്കും അനുഭവപ്പെടുന്നുണ്ട്. ഇതിനു പുറമേ അഭിഭാഷകർക്ക് ഇവിടെ ഹാജരായശേഷം മുട്ടത്തെ കോടതിയിൽ എത്തേണ്ടി വരും. അതിനാൽ കോടതി പുതിയ കെട്ടിടത്തിലേക്ക് മാറ്റണമെന്ന് അഭിഭാഷകർ ഏറെ നാളായി ആവശ്യപ്പെടുന്നുണ്ട്.

പാർക്കിംഗ് ഏരിയ, ഇലക്ട്രിക്കൽ വിഭാഗം, ഡ്രൈവർമാർക്ക് വിശ്രമ മുറി, ജനറേറ്റർ സെക്ഷൻ, ഗ്രൗണ്ട് ഫ്ളോറിൽ കോർട്ട് ഹാൾ, ചേംബർ ഹാൾ, ശിരസ്തദാർ റൂം, പോലീസ് ഡ്യൂട്ടി റൂം, മീഡിയേഷൻ ഹാൾ, ലൈബ്രറി, കാത്തിരിപ്പ് കേന്ദ്രം, വിസ്താര സെക്ഷൻ, സ്ത്രീകൾക്കുള്ള വിശ്രമ കേന്ദ്രം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാം നിലയിൽ ടൈപ്പിംഗ് പൂൾ, വിസ്താര സെക്ഷൻ, ടോയ്‌ലറ്റുകൾ, റാമ്പ്, ലിഫ്റ്റ്, കോൺഫറൻസ് ഹാൾ, കൗൺസിലിംഗ് സെക്ഷൻ, പുരുഷൻമാർക്കും സ്ത്രീകൾക്കും വിശ്രമമുറികൾ, തൊണ്ടിമുറി, സീലേഴ്സ് റൂം തുടങ്ങിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

## മലയാളഭാഷ വാരാഘോഷം

# സൗഹൃദ സംഗമവുമായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

**കൊച്ചി:** മലയാള ഭാഷ വാരാഘോഷത്തിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ സാസ്ഥികം 2023 എന്ന പേരിൽ സൗഹൃദ സംഗമം നടത്തി. വകുപ്പിലെ നിലവിലെ ജീവനക്കാരെയും മുൻജീവനക്കാരെയും സർവീസിൽ നിന്ന് വിരമിച്ചവരെയും ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്.

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ബി. ശ്രീകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ എ.പി ഷോജൻ അദ്ധ്യക്ഷത വഹിച്ചു.ചടങ്ങിൽ എറണാകുളം ജില്ല സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തയ്യാറാക്കിയ ആനുവൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 2022* റിപ്പോർട്ട് മുൻ ഡയറക്ടർ തോമസ് സ്ലീബ പ്രകാശനം ചെയ്തു . കാർഷിക സെൻസസ് സംസ്ഥാനത്ത് ആദ്യമായി പൂർത്തീകരിച്ച ജില്ലയിലെ താലൂക്കുകൾക്ക് വകുപ്പ് പാരിതോഷികങ്ങൾ നൽകി അനുമോദിച്ചു. മലയാള വാരാഘോഷത്തിന്റെയും സ്റ്റാറ്റിസ്റ്റിക്സ് ദിനാചരണത്തിന്റെയും ഭാഗമായി ജില്ലയിൽ നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

പരിചയങ്ങൾ പുതുക്കുവാനും ഗതകാല സ്മൃതികൾ അയവിറക്കുന്നതിനും ഉപകരിച്ച ഈ അസുലഭ വേള വിരമിച്ച ജീവനക്കാർക്ക് ഒരു പുത്തനുണർവും ആവേശവുമായി മാറി. വേദിയിൽ അരങ്ങേറിയ വിവിധ കലാസാഹിത്യ പരിപാടികളും ഗാനമേളയും ജീവനക്കാർക്ക് ഹൃദ്യമായൊരു അനുഭവമായി. ജില്ലാ ഓഫീസർ സി.എൻ.രാധാകൃഷ്ണൻ, മുൻ ഡയറക്ടർ തോമസ് സ്ലീബ, മുൻ അഡീഷണൽ ഡയറക്ടർ എം.എസ് വത്സല എന്നിവർ സന്ദേശങ്ങൾ നൽകി.

പ്രമുഖർ ആശംസകൾ നേർന്നു.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

**തിരുവനന്തപുരം:** സെൻട്രൽ ലൈബ്രറിയിൽ സർക്കാർ നടത്തി വരുന്ന ആറ് മാസത്തെ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

വിജ്ഞാപനവും പ്രോസ്പെക്ടസും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള ലിങ്കും www.statelibrary.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കില്ല. എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസായിട്ടുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 10.

## സൗജന്യ പരിശീലനം

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലുള്ള പട്ടികജാതി/ പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി, ഡിറ്റി.പി എന്നീ കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശലനം ആരംഭിക്കുന്നു. 18 നും 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പ്ലസ് 2, ഡി.റ്റി.പി കോഴ്സിന് ഡാറ്റാ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി/ പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. താത്പര്യമുള്ളവർ ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 25 ന് വൈകിട്ട് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം.

അപേക്ഷാ ഫോമിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി ഓഫീസുകളിലും ലഭിക്കും.

## തീരമൈത്രി പദ്ധതിയിൽ ഒഴിവ്

**തിരുവനന്തപുരം:** ജില്ലയിൽ തീരമൈത്രി പദ്ധതിയിലേക്ക് മിഷൻ കോഓർഡിനേറ്റർ തസ്തികയിൽ നിയമനം നടത്തുന്നു.

ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. എം.ബി.എ (മാർക്കറ്റിങ്) അല്ലെങ്കിൽ എം.എസ്.ഡബ്ല്യൂ (കമ്മ്യൂണിറ്റി ഡവലപ്മെന്റ്) എന്നിവയാണ് യോഗ്യത. ടൂവീലർ ലൈസൻസ് അഭിലഷണീയം. പ്രായപരിധി 35 വയസ്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തിയ ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം നവംബർ 30ന് മുൻപായി വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ & സാഫ് നോഡൽ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9847907161, 9895332871

# ഗർഭകാല പ്രമേഹം; അറിയേണ്ട കാര്യങ്ങൾ





**ഡോ. നിബു ഡൊമിനിക്**
കൺസൾട്ടന്റ് എൻഡോക്രൈനോളജി,
ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

സ്ത്രീകളെ സംബന്ധിച്ച് ഏറ്റവും സവിശേഷമായ സമയമാണ് ഗർഭകാലം. സാധാരണയിൽ നിന്ന് വിഭിന്നമായി ശാരീരികമായും മാനസീകമായും ധാരാളം മാറ്റങ്ങളുണ്ടാകുന്ന കാലം. ഗർഭകാലത്ത് നിരവധി രോഗങ്ങളും അസുഖങ്ങളും കണ്ടുവരാറുണ്ട്. അവയിൽ ചിലത് പ്രസവ ശേഷം തനിയെ മാറുന്നതാണ്. അതേസമയം ചില ശാരീരിക പ്രശ്നങ്ങൾ തുടരാനും ഒരുപക്ഷേ അപകടകരമാകാനും സാധ്യതയുണ്ട്. ഇത്തരത്തിൽ ഗർഭകാലത്ത് പ്രത്യക്ഷപ്പെടുന്ന ഒരു ശാരീരിക അവസ്ഥയാണ് ഗർഭകാല പ്രമേഹം. ഭൂരിഭാഗം പേരിലും പ്രസവശേഷം അപ്രത്യക്ഷമാകുന്ന താൽക്കാലിക രോഗമാണിത്. അതേസമയം ചിലരിൽ പ്രമേഹം മാറാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. ഇതിനെ ടൈപ്പ് 2 പ്രമേഹം എന്നാണ് പറയുന്നത്.

## ഗർഭകാല പ്രമേഹത്തിന്റെ കാരണങ്ങൾ

ഗർഭിണികളിൽ ഉണ്ടാകുന്ന ഹോർമോൺ വ്യതിയാനങ്ങൾ മൂലം ഇൻസുലിന്റെ പ്രവർത്തനം തടസപ്പെടുന്നതാണ് ഗർഭകാല പ്രമേഹം ഉണ്ടാകുന്നതിന്റെ പ്രധാനകാരണം. ഗർഭിണികളിൽ കണ്ടുവരുന്ന പ്ലാസന്റെൽ ഹോർമോണുകൾക്ക് ഇൻസുലിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്താനുള്ള കഴിവുണ്ട്. ഇത് ഇൻസുലിൻ പ്രതിരോധത്തിനും രക്തത്തിൽ പഞ്ചസാരയുടെ അളവ് അനിയന്ത്രിതതമായി ഉയരുന്നതിനും കാരണമാകുന്നു. പൊണ്ണത്തടി, വൈകിയുള്ള ഗർഭധാരണം, ജനിതക പാരമ്പര്യം തുടങ്ങിയവയും ഗർഭകാല പ്രമേഹത്തിന് കാരണമാകും. ഇതിന് പുറമേ അനാരോഗ്യകരമായ ജീവിതക്രമവും മോശം ഭക്ഷണരീതിയും വ്യായാമം ഇല്ലാത്ത ഉദാസീന ജീവിത രീതിയും പ്രമേഹ സാധ്യത വർധിപ്പിക്കുന്നതാണ്.

## ഗർഭകാല പ്രമേഹവും സങ്കീർണതകളും

ഗർഭകാല പ്രമേഹത്തെ സാധാരണ പ്രമേഹ അവസ്ഥ പോലെ പരിഗണിച്ചാൽ അമ്മക്കും കുഞ്ഞിനും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.അമ്മമാരിൽ ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാകാനുള്ള സാധ്യത ഉള്ളതിനാൽ സിസേറിയൻ ചെയ്യേണ്ടി വന്നേക്കാം. ഗർഭകാല പ്രമേഹമുള്ള അമ്മമാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് മാക്രോസോമിയ (ജനന സമയത്ത് ഭാര കൂടുതൽ ഉണ്ടാകുന്ന അവസ്ഥ), ഹൈപ്പോഗ്ലൈസീമിയ, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയവ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനും സങ്കീർണതകൾ കുറയ്ക്കുന്നതിനും ഗർഭകാല പ്രമേഹത്തെ നന്നായി കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇതിനായി കൃത്യമായി രോഗ നിർണയം നടത്തുക എന്നതാണ് ഏറ്റവും പ്രധാനം. ഗർഭാവസ്ഥയിലുള്ള പ്രമേഹത്തിനുള്ള സ്ക്രീനിംഗും രോഗനിർണയവും സാധാരണയായി ഗർഭാവസ്ഥയുടെ 24 മുതൽ 28 ആഴ്ചകൾക്കിടയിലാണ് നടത്തേണ്ടത്. അമിതഭാരം, കുടുംബത്തിൽ പ്രമേഹ പാരമ്പര്യം ഉള്ളവർ, 25 വയസ്സിനു മുകളിൽ പ്രായമുള്ളവർ തുടങ്ങിയവരിൽ നേരത്തെ തന്നെ ചെയ്യാറുണ്ട്.അതേസമയം ചിലരിൽ ഗർഭകാല പ്രമേഹം സാധാരണയായി കണ്ടുവരുന്ന ടൈപ്പ് 2 പ്രമേഹമായി മാറാൻ സാധ്യതയുണ്ട്. ഇങ്ങനെയുള്ളവരുടെ മക്കൾക്ക് ഭാവിയിൽ അമിത വണ്ണവും പ്രമേഹവും ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്

> **ഗർഭകാല പ്രമേഹത്തെ സാധാരണ പ്രമേഹ അവസ്ഥ പോലെ പരിഗണിച്ചാൽ അമ്മക്കും കുഞ്ഞിനും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.അമ്മമാരിൽ ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാകാനുള്ള സാധ്യത ഉള്ളതിനാൽ സിസേറിയൻ ചെയ്യേണ്ടി വന്നേക്കാം.**

## ജീവിത ശൈലിയിൽ മാറ്റം കൊണ്ടു വരാം

ജീവിത ശൈലിയിൽ കൊണ്ടുവരുന്ന മാറ്റങ്ങളിലൂടെ ഗർഭകാല പ്രമേഹത്തെ വരുതിയിലാക്കാൻ കഴിയും. ഇതിനായി അനാരോഗ്യകരമായ ഭക്ഷണ രീതി ഒഴിവാക്കുകയും കൃത്യമായി വ്യായാമം ചെയ്യുകയും ചെയ്യുക എന്നതാണ് പ്രധാനം.സ്ഥിരമായി ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ആരോഗ്യകരമായ ഡയറ്റ് പാലിക്കുകയും വേണം. രക്തത്തിലെ പഞ്ചസാരയുടെ അളവ് കൃത്യമായി നിരീക്ഷിക്കേണ്ടതും അത്യാവശ്യമാണ്. ലീൻ പ്രോട്ടീൻ, ഹെൽത്തി ഫാറ്റ്, കോംപ്ലക്സ് കാർബോഹൈഡ്രേറ്റ്സ് എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരം ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. പ്രത്യേകിച്ച് ഡയറ്റ് പ്ലാൻ ഒന്നുമില്ലെങ്കിലും ഭക്ഷണം നിയന്ത്രിച്ച് കഴിക്കുന്നതാണ് ഉത്തമം. അതേസമയം മധുര പലഹാരങ്ങളും ജങ്ക് ഫുഡും ഒഴിവാക്കുന്നതാണ് നല്ലത്.കുടുംബത്തിൽ പ്രമേഹ പാരമ്പര്യമുള്ള സ്ത്രീകൾ നേരത്തെ തന്നെ കൗൺസിലിംഗിന് വിധേയരാകുന്നത് നല്ലതതാണ്. ആരോഗ്യകരമായ ശരീര ഭാരം കൈവരിക്കാനും രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിച്ച് നിർത്താനും ഇതുവഴി കഴിയും. ഗർഭിണിയാകുന്നതിന് മുൻപ് തന്നെ ആരോഗ്യ വിദഗ്ധരിൽ നിന്ന് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുന്നത് വഴി സങ്കീർണതകൾ കുറയ്ക്കാനും കഴിയും

## മാറ്റങ്ങൾ പ്രസവശേഷവും തുടരാം

ഗർഭകാല പ്രമേഹമുള്ള സ്ത്രീകൾ പ്രസവത്തിനു ശേഷമുള്ള പ്രമേഹ പരിശോധന നടത്തേണ്ടത് വളരെ പ്രധാനമാണ്. ഭൂരിഭാഗം പേരിലും പ്രസവശേഷം രക്തത്തിലെ പഞ്ചസാരയുടെ അളവ് സാധാരണ നിലയിലാകാറാണ് പതിവ്. ഗർഭകാലത്തിന് ശേഷമുള്ള പ്രസവരക്ഷ കാലത്ത് ശരീരഭാരം ഉയരാൻ സാധ്യതയുണ്ട്. ഇത് ഒഴിവാക്കാൻ അമിതമായി കൊഴുപ്പ് അടങ്ങിയ ഭക്ഷണങ്ങളും വണ്ണം വെക്കാൻ കാരണമാകുന്ന മരുന്നുകളും ഒഴിവാക്കുന്നത് നല്ലതാണ്. ഇത് പിന്നീടുള്ള ടൈപ്പ് 2 പ്രമേഹം വരുന്നതിനെ തടയാൻ സഹായിക്കും. കൃത്യമായ വ്യായാമവും സമീകൃതാഹാരവും ഉൾപ്പെടെ ആരോഗ്യകരമായ ജീവിതശൈലി തുടരുന്നതും പ്രമേഹത്തെ തടയാൻ സഹായിക്കും.





# ഇന്ത്യൻ കടൽസമ്പത്തിലേക്ക് രണ്ട് നെയ്മീനുകൾ കൂടി; കണ്ടെത്തലുമായി സിഎംഎഫ്ആർഐ

## അറേബ്യൻ സ്പാരോ നെയ്മീൻ, പുനരുജ്ജീവിപ്പിക്കപ്പെട്ട റസൽസ് പുള്ളിനെയ്മീൻ എന്നിവയാണ് കണ്ടെത്തിയത്

**കൊച്ചി:** ഇന്ത്യയുടെ കടൽ മത്സ്യ സമ്പത്തിലേക്ക് രണ്ട് നെയ്മീനുകൾ കൂടി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റേതാണ് (സിഎംഎഫ്ആർഐ) കണ്ടെത്തൽ. ഒന്ന് പുതുതായി കണ്ടെത്തിയ അറേബ്യൻ സ്പാരോ നെയ്മീനാണ്. സ്കോംബെറോമോറസ് അവിറോസ്ട്രസ് എന്നാണ് ഇതിന് ശാസ്ത്രീയമായി നാമകരണം ചെയ്തിരിക്കുന്നത്. രണ്ടാമത്തേത് പുനരുജ്ജീവിപ്പിക്കപ്പെട്ട റസൽസ് പുള്ളിനെയ്മീനാണ്.

മുമ്പ് ഈ മത്സ്യം ഇന്ത്യൻ തീരങ്ങളിൽ കാണപ്പെടുന്ന പുള്ളി നെയ്മീനാണെന്നാണ് കരുതിയിരുന്നത്.ഇതോടെ, ഇന്ത്യൻ കടലുകളിൽ നെയ്മീനുകളുടെ എണ്ണം നിലവിലെ നാലിൽ നിന്നും ആറായി ഉയർന്നു. ഏറെ ആവശ്യക്കാരുള്ളതും ഉയർന്ന വിപണിമൂല്യവുമുള്ളതാണ് നെയ്മീൻ.ഇന്ത്യയുടെ വിവിധ തീരങ്ങളിൽ നിന്ന് ശേഖരിച്ച പുള്ളി നെയ്മീനുകളിൽ നടത്തിയ വിശദമായ വർഗീകരണജനിതക പഠനമാണ് സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഇ എം അബ്ദുസ്സമദിന്റെ നേതൃത്വത്തിലുള്ള സംഘത്തിനെ ഈ നേട്ടത്തിലേക്ക് എത്തിച്ചത്. മുമ്പ് ഒരൊറ്റ ഇനമായി കണക്കാക്കപ്പെട്ടിരുന്ന പുള്ളി നെയ്മീൻ യഥാർത്ഥത്തിൽ മൂന്ന് വ്യത്യസ്തയിനം മീനുകളാണെന്ന് പഠനത്തിൽ വ്യക്തമായി. ഇവയിൽ, ഒന്ന് പുതുതായി കണ്ടെത്തിയ നെയ്മീനും രണ്ടാമത്തേത് പുനരുജ്ജീവിപ്പിക്കപ്പെട്ടതുമാണ്. മൂന്നാമത്തേത് നേരത്തെ തന്നെ ലഭ്യമായ പുള്ളിനെയ്മീനാണ്.

ഈ മൂന്ന് നെയ്മീനുകളും മറ്റിനങ്ങളേക്കാൾ താരതമ്യേന ചെറുതാണ്. തീരത്തോട് അടുത്താണ് ഇവ കൂടുതലായും കണ്ടുവരുന്നത്. നല്ല രുചിയും ഉയർന്ന വിപണിമൂല്യമുള്ളതുമാണ്.അറേബ്യൻ സ്പാരോ നെയ്മീൻ ലഭ്യമാകുന്നത് പൂർണമായും അറബിക്കടൽ തീരത്ത് മംഗലാപുരത്ത് നിന്നും വടക്കോട്ടുള്ള സ്ഥലങ്ങളിലാണ്. അറേബ്യൻ ഗൾഫ് വരെ കടലിൽ ഈ മത്സ്യം കാണപ്പെടുന്നുണ്ട്. കുരുവിയുടേതിന് സാമ്യമായ ചുണ്ടുള്ളതിനാലാണ് ശാസ്ത്രസംഘം ഈ പേര് നൽകിയത്. മറ്റ് രണ്ട് മീനുകളും ബംഗാൾ ഉൾക്കടലിന്റെ തീരങ്ങളിൽ നാഗപ്പട്ടണത്തിന് വടക്കോട്ടുള്ള ആൻഡമാൻ ഉൾപ്പെടയുള്ള തീരങ്ങളിലാണ് ലഭ്യമാകുന്നത്. കൂടാതെ, ചൈനാ കടൽതീരത്തും ലഭിക്കുന്നുണ്ട്.

രാജ്യത്തിന്റെ സമുദ്രമത്സ്യമേഖലക്ക് വലിയ മുതൽക്കൂട്ടാകുന്ന നേട്ടമായാണ് ഗവേഷകർ ഈ കണ്ടെത്തലിനെ കാണുന്നത്.

ഈ രണ്ടെണ്ണം ഉൾപ്പെടെ അഞ്ച് പുതിയ മീനുകളാണ് ഡോ അബ്ദുസ്സമദിന്റെ നേതൃത്വത്തിൽ ശാസ്ത്രത്തിന് സംഭാവന ചെയ്തിട്ടുള്ളത്. പുതിയ ഇനം ശീലാവ്, പുള്ളി അയല, പോളവറ്റ എന്നിവയാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നേരത്തെ കണ്ടെത്തിയ പുതിയ മീനുകൾ.



# ലോക പ്രമേഹ ദിനം : സൂപ്പർ ബൈക്ക് റാലി സംഘടിപ്പിച്ചു

**കൊച്ചി:** പ്രമേഹരോഗത്തെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുകഎന്ന ലക്ഷ്യത്തോടെ ലോക പ്രമേഹ ദിനമായ ഇന്നലെ വെൽമോണ്ട് ആശുപത്രിയുടെ നേതൃത്വത്തിൽ സൂപ്പർ ബൈക്ക് റാലി സംഘടിപ്പിച്ചു. കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച റാലി കോസ്റ്റ് ഗാർഡ് ഡി ഐ ജി. എൻ. രവി ഫ് ളാഗ് ഓഫ് ചെയ്തു.

കേരളത്തിൽ നിന്നുള്ള പ്രമുഖ ബൈക്കർമാർ പങ്കെടുത്ത റാലി വിവിധ കേന്ദ്രങ്ങളിലെ പര്യടനത്തിന് ശേഷം ആശുപത്രിക്ക് മുന്നിൽ സമാപിച്ചു. തുടർന്ന് നടന്ന ബോധവൽക്കരണ സെമിനാർ ഡോ. ജുനൈദ് റഹ്മാൻ ഉദ്ഘാടനം ചെയ്തു. പ്രമേഹരോഗത്തെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിൽ വെൽമോണ്ട് ആശുപത്രിയുടെ പങ്ക് ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു. ഇഞ്ചിയോൺ കിയാ, റോട്ടറിഡൗൺടൗൺ, ഐ.എം.എ കൊച്ചിൻ, സെൻസിറ്റ, ലിറ്റിൽ ബ്രിട്ടൻ, അർഷവേദ, ടെറസ് ബൈ മക്കാവോ എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ പ്രമേഹരോഗികൾക്ക് സൗജന്യമായി ഗ്ലൂക്കോമീറ്ററുകളും, മരുന്നുകളുടെയും വിതരണം ചെയ്തു. വെൽമോണ്ട് ഹോസ്പിറ്റൽ ചെയർമാൻ ഡോക്ടർ ഋഷി ജോർജ്, മാനേജിങ് ഡയറക്ടർ യൂഫി കെ. പോൾ, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം. എം ഹനീഷ് റോട്ടറി ഡൗൺടൗൺ ക്ലബ് പ്രസിഡന്റ് സാബു ജോസ് , ഇഞ്ചിയോൺ കിയ വൈസ് പ്രസിഡന്റ് റെജി വർഗീസ്, ഐ എം എ സെക്രട്ടറി ജോർജ് തുകലൻ, ടെറസ് ബൈ മക്കാ വോ ഉടമ അനീഷ് ലത്തീഫ്, ഡോ. സൊനാലി ഡിക്രൂസ് എന്നിവർ സംസാരിച്ചു.



# ശിശുദിനത്തിൽ കുട്ടികൾക്ക് നഗരസഭയുടെ ഭൂമി കളിപ്പാട്ട സമ്മാനം

**കൊച്ചി:** കുട്ടികളുടെ ആരോഗ്യവും പ്രകൃതിയുടെ ആരോഗ്യവും ഒരു പോലെ സംരക്ഷിക്കുന്നതിന് മാതാപിതാക്കൾക്കും ഭരണാധികാരികൾക്കും ഉത്തരവാദിത്വമുണ്ടെന്നും ചെറുപ്പം മുതൽ തന്നെ പ്രകൃതി സൗഹൃദമായ ജീവിത രീതികൾ കുട്ടികളെ പരിചയപ്പെടുത്തണമെന്നും, അങ്കണവാടികൾ വിഭാവനം ചെയ്യുന്ന പരിപാടികൾ എല്ലാം നഗരത്തിൻറെ ഭാവിയെ ലക്ഷ്യം വച്ചു കൊണ്ടുള്ളതായിരിക്കണമെന്നും കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ അഭിപ്രായപ്പെട്ടു. ഹീൽ പദ്ധതിയുടെ ഭാഗമായി നഗരത്തിലെ തിരഞ്ഞെടുക്കപ്പെട്ട അങ്കണവാടികൾക്ക് സി.എസ്.എം.എൽ സാമൂഹ്യ പ്രതിബദ്ധത ഫണ്ട് ഉപയോഗിച്ച് നൽകുന്ന തയ്യൽ മിച്ചത്തിൽ നിന്നും ഉണ്ടാക്കിയ കളിപ്പാട്ടങ്ങൾ, ബെഡ്, തലയണ ഇവയുടെ വിതരണോത്ഘാടനം കോർപ്പറേഷൻ കൗൺസിൽ ഹാളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊച്ചി നഗരത്തിൽ ഉണ്ടാവുന്ന തയ്യൽ മിച്ചങ്ങളിലെ കോട്ടൺ തുണികൾ വേർതിരിച്ച് രോഗാണു വിമുക്തമാക്കി യന്ത്രസഹായത്തോടെ നൂലിഴകളാക്കി അതു ഉപയോഗിച്ച് കുട്ടികൾക്ക് കളികൾക്കും, വിശ്രമത്തിനും, പഠനത്തിനും സഹായിക്കുന്ന കളിപ്പാട്ട ഉപകരണങ്ങളാണ് വിതരണം ചെയ്തത്. സെൻറ് തെരേസാസ് ഇൻകുബേഷൻ സെൻററിൻറെ കീഴിൽ പ്രവർത്തിക്കുന്ന ഭൂമി വുമൺസ് എന്ന വനിതകളുടെ സംരംഭമാണ് കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നത്. പ്രതിഫലം ആഗ്രഹിക്കാത്ത നഗരത്തിൻറെ ആരോഗ്യത്തിന് വേണ്ടി പ്രവർത്തിക്കുന്ന 16 വനിതകളുടെ കൂട്ടായ്മയാണ് ഭൂമി വുമൺസ് കളക്റ്റീവ്. നിലവിൽ 6 വനിതകൾ ഉപജീവനവും ഈ പദ്ധതിയുടെ ഭാഗമായി നടക്കുന്നു.

ഫെഡറൽ ബാങ്കിൻറെ സഹായത്തോടെയാണ് പദ്ധതിക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങിച്ചത്. നഗരത്തിലെ കാനകളിലും, ജലാശയങ്ങളിലും തള്ളുന്ന തുണി മിച്ചം എന്ന നഗരമാലിന്യത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതോടൊപ്പം പ്ലാസ്റ്റിക്കിൻറെ പാർശ്വഫലങ്ങളില്ലാത്ത കളിപ്പാട്ടങ്ങൾ ഉപയോഗിക്കുന്നതിന് കുഞ്ഞുങ്ങൾക്ക് അവസരം ഉണ്ടാക്കുകയും ചെയ്യുന്നു. കഥകളും, പാട്ടുകളും ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഇലക്ട്രോണിക് കളിപ്പാട്ടങ്ങൾ നിർമ്മിക്കുക എന്നതും സംരംഭകരുടെ ഭാവി ലക്ഷ്യമാണ്.

# സൗജന്യ വയോജന പരിചരണ കോഴ്സുമായി ഫെഡറൽ ബാങ്ക്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായുള്ള നൈപുണ്യ പരിശീലന സ്ഥാപനമായ ഫെഡറൽ സ്കിൽ അക്കാഡമി സൗജന്യ വയോജന പരിചരണ (ജെറിയാട്രിക് കെയർ അസിസ്റ്റന്റ്) കോഴ്സ് തുടങ്ങി.

വയോജനങ്ങളുടെ ശുശ്രൂഷയ്ക്ക് പരിചരണ നൈപുണ്യമുള്ളവരുടെ വലിയ അഭാവമുണ്ട്. ഇതു നികത്താൻ ലക്ഷ്യമിട്ടാണ് നാലു മാസം ദൈർഘ്യമുള്ള സൗജന്യ കോഴ്സിന് തുടക്കമിട്ടത്. ആദ്യ ബാച്ചിൽ 20 പേർക്കാണ് പ്രവേശനം നൽകിയത്. പത്താം ക്ലാസ് വിജയിച്ചവർക്ക് കോഴ്സിൽ പ്രവേശനം നൽകുന്നതാണ്. വീടുകൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ, കമ്യൂണിറ്റി സെന്ററുകൾ എന്നിവിടങ്ങളിൽ വയോജനങ്ങൾക്ക് നൽകേണ്ട പരിചരണങ്ങളിൽ പരിശീലനം നൽകുന്നതാണ് ഈ കോഴ്സ്. കാൻകെയർ സീനിയർ കെയർ സെന്റർ ആണ് കോഴ്സ് രൂപകൽപ്പന ചെയ്തത്. കോഴ്സിന്റെ ഭാഗമായി വയോജന പരിചരണ കേന്ദ്രങ്ങളിൽ നേരിട്ടുള്ള പരിശീലനവും നൽകും. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ജോലി കണ്ടെത്താനുള്ള സഹായവും നൽകും.

കൊച്ചിയിലെ ഫെഡറൽ സ്കിൽ അക്കാഡമിയിൽ നടന്ന ഓറിയന്റേഷൻ പരിപാടിയിൽ ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റും ഗിരിനഗർ ബ്രാഞ്ച് ഹെഡുമായ ശ്രീപ്രിയ ബാലചന്ദ്രൻ കോഴ്സ് ഉദ്ഘാടനം ചെയ്തു. സിഎസ്ആർ വിഭാഗത്തിലെ പ്രവീൺ കെ. എൽ, സിഎസ്ആർ മാനേജർ മെലിൻഡ പി ഫ്രാൻസിസ്, ഫെഡറൽ സ്കിൽ അക്കാഡമി സെന്റർ ഹെഡ് ജയന്തി കൃഷ്ണചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.



# ഗർഭിണികളായ സ്ത്രീകൾക്കായി കേക്ക് മിക്സിങ് സെറിമണി

**കൊച്ചി:** ഗർഭകാലം ആഘോഷങ്ങളുടെതാണ് എന്നുള്ള ആശയം ഉൾക്കൊണ്ടാണ് കേക്ക് ഹട്ടും ചിറ്റിലപ്പിള്ളി സ്ക്വയറുമായി സഹകരിച്ച് കിൻഡർ ഹോസ്പിറ്റൽ വളരെ വ്യത്യസ്തമായ കേക്ക് മിക്സിങ് ഇവന്റ് സംഘടിപ്പിച്ചത്.68 ഗർഭിണികൾ ആണ് പരിപാടിയിൽ പങ്കെടുത്തത്. ഗർഭകാലം എന്നുള്ളത് സ്ത്രീയെ സംബന്ധിച്ച് ഒരുപാട് തയ്യാറെടുപ്പുകൾ വേണ്ടിവരുന്ന സമയമാണ്. ഒപ്പം മാനസികമായും ശാരീരികമായും പിരിമുറുക്കങ്ങളും സ്ത്രീകൾ ഈ കാലയളവിൽ നേരിടേണ്ടി വരാറുണ്ട്. അത്തരം സാഹചര്യങ്ങളെ ആയാസകരമാക്കാൻ വിധത്തിൽ, ഗർഭകാലം ആഘോഷകരമാക്കാം എന്ന ഉദ്ദേശത്തോടെയാണ് കിൻഡർ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് സംഘാടകർ പറഞ്ഞു.

പ്രോഗ്രാമിൽ കിൻഡർ ഗ്രൂപ്പ് ചെയർമാൻ ഡോ പ്രദീപ് കുമാർ,എബി എബ്രഹാം, കേക്ക് ഹട്ട്, ബിസിനെസ്സ് ഹെഡ്, കിൻഡർ ഹോസ്പിറ്റൽ ഗൈനക്കോളജിസ്റ്റുകളായ ഡോ.സ്മിത സുരേന്ദ്രൻ, ഡോ.ഉഷ എം ജി, ഡോ മധുജ ഗോപിശ്യാം, ഡോ. വിവേക് കുമാർ എന്നിവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അസിം പ്രേംജി സർവ്വകലാശാലയുടെ ബാംഗ്ലൂർ, ഭോപ്പാൽ ക്യാമ്പസുകളിൽ ആരംഭിക്കുന്ന മുഴുവൻ സമയ ബിരുദാനന്തര ബിരുദം, നാലുവർഷത്തെ മുഴുവൻസമയ റസിഡൻഷ്യൽ ബിരുദം എന്നീ പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.എം എ എജ്യൂക്കേഷൻ, എം എ ഡെവലപ്മെൻറ്, മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്, എം എ എക്കണോമിക്സ്, ബി എ ഓണേഴ്സ്, ബി എസ് സി ഓണേഴ്സ്, ഡ്യൂവൽ ഡിഗ്രി ബി എസ് സി ബി എഡ് തുടങ്ങിയവയാണ് കോഴ്സുകൾ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 22. കൂടുതൽ വിവരങ്ങൾക്ക് www.azimpremjiuniverstiy.edu.in സന്ദർശിക്കുക. കർണാടക സർക്കാരിൻറെ യൂണിവേഴ്സിറ്റി ആക്ട് പ്രകാരം അസിം പ്രേംജി ഫൗണ്ടേഷൻറെ നേതൃത്വത്തിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന രാജ്യത്തെ പ്രമുഖ സർവ്വകലാശാലയാണ് അസിം പ്രേംജി യൂണിവേഴ്സിറ്റി.

## സൗജന്യ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻ്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി, ഡി.റ്റി.പി. കംമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം ആരംഭിക്കുന്നു. 18 നും 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

അടിസ്ഥാനയോഗ്യത പ്ലസ് 2. ഡി.റ്റി.പി. കോഴ്സിന് ഡാറ്റാ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. ക്ലാസ്സിൽ ചേരാൻ താത്പര്യമുള്ളവർ ജാതി, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 25 വൈകിട്ട് 4.30 മുമ്പ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എറണാകുളം ജില്ലാ ഓഫീസ് , ഏലൂർ എൻവയോൺമെന്റൽ സർവൈലൻസ് സെന്ററിലേക്ക് കരാർ അടിസ്ഥാനത്തിൽ 5 വർഷത്തിലധികം പഴക്കമില്ലാത്തതും 50,000 കിലോമീറ്ററിലധികം ഓടിയിട്ടില്ലാത്തതുമായ എ സി യൂട്ടിലിറ്റി വാഹനങ്ങളുടെ (ബൊലേറോ തത്തുല്ല്യ) സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 28 വൈകിട്ട് 3 വരെ . ക്വട്ടേഷൻ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ ബോർഡിന്റെ www.kspb.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഫോൺ 04842545678, 9447975747.



# ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന് ഗവേഷണത്തിൽ വലിയ പങ്ക് വഹിക്കാനാകും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന് ഗവേഷണത്തിൽ വലിയ പങ്ക് വഹിക്കാനാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും രോഗാതുരത കുറയ്ക്കുന്നതിന് ആവശ്യമായ ഗവേഷണം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിൽ ലോക പ്രമേഹദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ജീവിതശൈലീ രോഗങ്ങൾ. സംസ്ഥാനത്തെ സംബന്ധിച്ച് സാമൂഹിക, വിദ്യാഭ്യാസ മുന്നേറ്റങ്ങളിലൂടെ നേടിയ നേട്ടങ്ങൾ നിലനിർത്തേണ്ടതുണ്ട്. ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധത്തിനായി ആർദ്രം ആരോഗ്യം കാമ്പയിൻ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രമേഹം, രക്താതിമർദം തുടങ്ങിയവയുള്ളവരെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാൻ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി വരുന്നു. ഇതുവരെ ആകെ 1.49 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി. ഇതിൽ നിലവിൽ രക്താതിമർദമുള്ള 16.21 ലക്ഷം പേരുടേയും പ്രമേഹമുള്ള 13.12 ലക്ഷം പേരുടേയും ഇതുരണ്ടുമുള്ള 6.15 ലക്ഷം പേരുടേയും വിവരങ്ങൾ ശേഖരിച്ച് പരിശോധനകളും തുടർ ചികിത്സയും ഉറപ്പാക്കി വരുന്നു.

രോഗതുരത കുറയ്ക്കുക വളരെ പ്രധാനമാണ്. രോഗമുണ്ടെങ്കിൽ രോഗ തീവ്രത വർധിക്കാതെ നോക്കാൻ കൃത്യമായി മരുന്നുകൾ കഴിക്കേണ്ടതുണ്ട്. രോഗം വരാതെ നോക്കുകയും പ്രധാനമാണ്. വ്യായാമം, പ്രതിരോധം, ചികിത്സ എന്നിവ പ്രധാനമാണ്. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കാൻ ആരോഗ്യ വകുപ്പ് ഒട്ടനേകം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതായും മന്ത്രി വ്യക്തമാക്കി.

കൗൺസിലർമാരായ ഡി.ആർ. അനിൽ, സുരേഷ്, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലിനറ്റ് മോറിസ്, ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിപിൻ ഗോപാൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജബ്ബാർ തുടങ്ങിയവർ പങ്കെടുത്തു.

# ജില്ലയിലെ വിദ്യാലയങ്ങളെ ലഹരി രഹിതമാക്കാൻ പദ്ധതിയുമായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി

**കൊച്ചി:** ജില്ലയിലെ വിദ്യാലയങ്ങളെ ലഹരി രഹിതമാക്കുക എന്ന ലക്ഷ്യത്തോടെ ലഹരി പുകയില വിമുക്ത വിദ്യാലയം പദ്ധതിയുമായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം എസ്.ആർ.വി സ്കൂളിൽ കേരള ലീഗൽ സർവീസ് അതോറിറ്റി മെമ്പർ സെക്രട്ടറി ജില്ലാ ജഡ്ജ് ജോഷി ജോൺ നിർവഹിച്ചു.

പോലീസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ലഹരിക്കും പുകയിലയ്ക്കും എതിരെയുള്ള എല്ലാ കോടതി വിധികളും, നിയമങ്ങളും ക്രോഡീകരിച്ചു തയ്യാറാക്കിയ ലഹരി പുകയില രഹിത വിദ്യാലയ നയത്തിന്റെയും രൂപരേഖയുടെയും അടിസ്ഥാനത്തിൽ ഡിസംബർ 10നകം എല്ലാ വിദ്യാലയങ്ങളും പരിസരങ്ങളും ലഹരി വിമുക്തമായി പ്രഖ്യാപിക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സബ് ജഡ്ജ് രഞ്ജിത്ത് കൃഷ്ണ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.കെ..കെ ആശ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ പത്മനാഭൻ, നർകോട്ടിക് സെൽ അസിസ്റ്റന്റ് കമ്മീഷണർ അബ്ദുൽസലാം, നർക്കോട്ടിക് സെൽ (റൂറൽ) ഓഫീസർ എ.കെ രഘു, വിദ്യാഭ്യാസ വകുപ്പ് സൂപ്രണ്ട് അബ്ദുൾ റഹീം, ആരോഗ്യ കേരളം കൺസൾട്ടന്റ് പ്രശാന്ത്, ജില്ലാ മാസ് മീഡിയ ഓഫീസർ സി.എം ശ്രീജ, എഡ്രാക് പ്രസിഡന്റ് എൻ.ബിജു, എസ്.ആർ.വി സ്കൂൾ പ്രിൻസിപ്പൽ ജിൻസി ജോസഫ് , ഹെഡ് മിസ്ട്രസ് രാധിക തുടങ്ങിയവർ പങ്കെടുത്തു.

## ലോക പ്രമേഹ ദിനം: സൈക്കിൾ റാലി സംഘടിപ്പിച്ചു

**കൊച്ചി:** എറണാകുളം ഗവ. നഴ്സിംഗ് സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ലോക പ്രമേഹ ദിനത്തിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു. പൊതുജന ബോധവൽക്കരണം ലക്ഷ്യമിട്ട് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സംഘടിപ്പിച്ച റാലി കൊച്ചി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ എസ്. ശശിധരൻ ഫ്ളാഗ് ഓഫ് ചെയ്തു. ഗവ. നഴ്സിംഗ് സ്കൂളിൽ നിന്നും ആരംഭിച്ച്, എം. ജി റോഡിലൂടെ ഹൈക്കോർട്ടിൽ എത്തി ബോട്ട് ജെട്ടിയിൽ റാലി സമാപിച്ചു.എറണാകുളം ജനറൽ ആശുപത്രി തെറാപ്പിസ്റ്റ് രാജീവ്. പി. നായറിന്റെ നേതൃത്വത്തിൽ സുംമ്പയും അവതരിപ്പിച്ചു. പൊതുജന ബോധവത്കരണത്തിനായി പോസ്റ്ററുകൾ പ്രദർശിപ്പിച്ചു.

## താത്കാലിക അദ്ധ്യാപക നിയമനം

**തൃക്കരിപ്പൂർ:** സർക്കാർ പോളിടെക്നിക്ക് കോളേജിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ഒഴിവുള്ള ലക്ച്ചറർ തസ്തികകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താത്ക്കാലിക നിയമനം നടത്തുന്നതിനുള്ള കൂടിക്കാഴ്ച 21 ന് രാവിലെ 10.30 ന് നടക്കും.

കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ 60 ശതമാനത്തിൽ കുറയാത്ത ബിരുദമാണ് കുറഞ്ഞ യോഗ്യത. കൂടുതൽ വിവരങ്ങൾക്ക് :0467 2211400, 9995145988

# രാജ്യത്തിന്റെ ഡയറക്റ്റ് ടാക്സ് കളക്ഷൻ 17.5% വർധിച്ചു

**കൊച്ചി:** നടപ്പ് സാമ്പത്തിക വർഷം നവംബർ 9 വരെയുള്ള ഇന്ത്യയുടെ മൊത്തം പ്രത്യക്ഷ നികുതി പിരിവ് 12.37 ലക്ഷം കോടി രൂപയായതായി സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ്. മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 17.5 ശതമാനം വർധനയാണുണ്ടായത്. റീഫണ്ടുകൾ ഒഴികെയുള്ള മൊത്തം പിരിവ് ഈ കാലയളവിൽ 21.8 ശതമാനം ഉയർന്ന് 10.6 ലക്ഷം കോടി രൂപയായി. ഏപ്രിൽ ഒന്നിനും നവംബർ ഒമ്പതിനും ഇടയിൽ 1.77 ലക്ഷം കോടി രൂപയുടെ നികുതി റീഫണ്ട് കേന്ദ്രം നൽകിയിട്ടുണ്ട്.




നിലവിൽ 202324 സാമ്പത്തിക വർഷത്തെ മൊത്തം ബജറ്റ് എസ്റ്റിമേറ്റിന്റെ 58.15 ശതമാനമാണ് നികുതി പിരിവ്. കോർപ്പറേറ്റ് ആദായ നികുതി (സി.ഐ.ടി) 7.13 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി സി.ബി.ഡി.ടി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വ്യക്തിഗത ആദായ നികുതി (പി.ഐ.ടി) ഈ വർഷം 28.29 ശതമാനം ഉയർന്നു. റീഫണ്ടുകൾക്ക് ശേഷം കോർപ്പറേറ്റ് ആദായനികുതി പിരിവിലെ വളർച്ച 12.48 ശതമാനവും വ്യക്തിഗത ആദായ നികുതി പിരിവിലെ വളർച്ച 31.77 ശതമാനവുമാണ്.

ചരക്ക് സേവന നികുതി (ജി.എസ്.ടി) പിരിവിൽ പ്രതിവർഷം 13 14 ശതമാനം വളർച്ചയാണ് കേന്ദ്രം പ്രതീക്ഷിക്കുന്നത്. ഏപ്രിലിൽ റിപ്പോർട്ട് ചെയ്ത 1.87 ലക്ഷം കോടി രൂപയ്ക്ക് ശേഷം ഒരു മാസത്തിനിടയിലെ ഏറ്റവും ഉയർന്ന പിരിവ് ഒക്ടോബറിലെ 1.72 ലക്ഷം കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം പ്രതിമാസ ശരാശരി ജി.എസ്.ടി വളർച്ച 1.66 ലക്ഷം കോടി രൂപയാണ്.

202324 സാമ്പത്തിക വർഷത്തിൽ മൊത്തം നികുതി പിരിവ് 10.45 ശതമാനം വർധിച്ച് 33.61 ലക്ഷം രൂപയിലെത്തുമെന്ന് കേന്ദ്രം പ്രതീക്ഷിക്കുന്നു. 202425ൽ പ്രതിമാസ ശരാശരി 1.71.8 ലക്ഷം കോടി രൂപയിലെത്തുമെന്ന് കണക്കാക്കുന്നതായും ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

## നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റ് പ്രാരംഭവിലയ്ക്ക് 30 വരെ ബുക്ക് ചെയ്യാം



**കൊച്ചി:** നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റ് (ഓട്ടോമേറ്റഡ് മാനുവൽ ട്രാൻമിഷൻ) പ്രാരംഭ വിലയുടെ അനുകൂല്യത്തോടെ നവംബർ 30 വരെ ബുക്ക് ചെയ്യാനാകുമെന്ന് നിസാൻ മോട്ടോർ ഇന്ത്യ അറിയിച്ചു. 6,49,900 രൂപയാണ് പ്രാരംഭ വില.

ഓട്ടോമേറ്റഡ് മാനുവൽ ട്രാൻസ്മിഷൻ വാഹനങ്ങളിൽ ഏറ്റവും ആകർഷകമായ വിലയാണ് നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റിനു പ്രഖ്യാപിച്ചത്.മികച്ച ഡ്രൈവിങ് അനുഭവവും കാര്യക്ഷമതയും നൽകുന്ന വാഹനം എക്സ് ഇ , എക്സ് എൽ, എക്സ് വി, എക്സ് വി പ്രീമിയം, മാഗ്നൈറ്റ് കുറോ സ്പെഷ്യൽ എഡിഷൻ ഗ്രേഡുകളിൽ ലഭിക്കും.

മാനുവൽ വേരിയന്റിനു 19.35 കി. മീറ്ററും ഇസി ഷിഫ്റ്റിനു 19.70 കി. മീറ്ററും ഇന്ധനക്ഷമതയുണ്ട്. നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റിന്റെ ഇരട്ട ഡ്രൈവിങ് മോഡ് ഓട്ടോമാറ്റിക്, മാനുവൽ ഡ്രൈവിങ് തിരഞ്ഞെടുക്കാൻ അവസരമൊരുക്കുന്നു.കുറഞ്ഞ വിലയും മികച്ച കാര്യക്ഷമതയും സുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പാക്കിയ നിസാൻ മാഗ്നൈറ്റ് ഇസി ഷിഫ്റ്റിനു വെഹിക്കിൾ ഡൈനാമിക് കൺട്രോൾ, ഹിൽ സ്റ്റാർട്ട് സംവിധാനങ്ങളുമുണ്ട്. നിസാൻ മോട്ടോർ ഇന്ത്യയുടെ മേക്ക് ഇൻ ഇന്ത്യ, മേക്ക് ഫോർ വേൾഡ് പദ്ധതിയിൽ ജപ്പാന്റെ ഡിസൈനിൽ ഇന്ത്യയിൽ നിർമ്മിക്കുന്ന മാഗ്നൈറ്റ് ആഗോളതലത്തിൽ 15 വിപണികളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്.

## ഖനനം: വരുമാനത്തിൽ 70 ശതമാനംവരെ വർധനയുണ്ടായെന്നു വ്യവസായ മന്ത്രി



**തിരുവനന്തപുരം:** സംസ്ഥാനത്തു ഖനന പ്രവർത്തനങ്ങൾക്കുള്ള റോയൽറ്റിയും വിവിധതരം ഫീസുകളും ഉൾപ്പെടെ സംസ്ഥാന സർക്കാരിനു ലഭിക്കേണ്ട വരുമാനം പിരിച്ചെടുക്കുന്നതിൽ 70 ശതമാനം വർധന. ഏപ്രിൽ മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവിൽ 273.97 കോടി രൂപയാണ് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് പിരിച്ചെടുത്തതെന്നു വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു.

മുൻ വർഷം ഇതേ കാലയളവിൽ പിരിച്ചെടുത്തതിനേക്കാൾ 70 ശതമാനം വരുമാനം ഇക്കൊല്ലം വർധിച്ചു. ഇ ഓഫീസ്, കോമ്പസ് സോഫ്റ്റ്വേർ തുടങ്ങി സംസ്ഥാന സർക്കാർ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ ഫലമായാണു വർധനയുണ്ടായത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 165.96 കോടി രൂപയാണു സർക്കാർ ഈയിനത്തിൽ സമാഹരിച്ചത്.

202122 വരെ രേഖപ്പെടുത്തിയ വാർഷിക വരുമാന വർധനവിൽ ഉയർന്നത് 17 ശതമാനമായിരുന്നു. എന്നാൽ 202223 ൽ ഇത് 56 ശതമാനമായും നടപ്പുവർഷം 70 ശതമാനമായും കുതിച്ചുയർന്നു. 2016ൽ സംസ്ഥാനത്തെ ക്വാറികളുടെ എണ്ണം 3505 ആയിരുന്നു. ഇത്രയും ക്വാറികളിൽനിന്നു ലഭിച്ച ആകെ വരുമാനം 138.72 കോടി രൂപയായിരുന്നു. എന്നാൽ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം കുത്തനെ കുറഞ്ഞു. 651 ക്വാറികളിൽനിന്നാണ് 273.97 കോടി രൂപ പിരിച്ചെടുത്തത്.

എല്ലാ ജില്ലകളിലും വരുമാന വർധനയുണ്ടായി. പാലക്കാട് ജില്ലയിൽ നിന്നാണ് ഏറ്റവുമധികം വരുമാനം ലഭിച്ചത്45.46 കോടി രൂപ. മലപ്പുറമാണ് രണ്ടാമത്. 37.28 കോടിയാണ് ഇവിടെനിന്ന് പിരിച്ചത്. വിവിധ ജില്ലകളിൽ നിന്ന് സർക്കാരിന് ലഭിച്ച വരുമാനം ഇപ്രകാരമാണ്.

തുക കോടിയിൽ. എറണാകുളം 33.17, തിരുവനന്തപുരം27, 22, കോട്ടയം 22.29, കൊല്ലം 20.62, കണ്ണൂർ 20.10, പത്തനംതിട്ട 19.87, തൃശൂർ 13.07, കോഴിക്കോട് 11.91, ഇടുക്കി 9.47, കാസർഗോഡ് 6.51 കോടി, ആലപ്പുഴ3.27, വയനാട് 2.86.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS


SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663